**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 622 — 01.12.2015-ൽ മറുപടിക്ക്

## ഇ-ഡിസ്ട്രിക്ട് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.എം .മാണി** | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)** |
| (എ) പൊതുജനങ്ങൾക്ക് സർക്കാർ ഓഫീസുകൾ സന്ദർശിക്കാതെ തന്നെ സേവനങ്ങൾ ലഭ്യമാക്കുവാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന വ്യക്തമാക്കുമോ; | (എ) വിവിധ സർക്കാർ സേവനങ്ങൾ ജനങ്ങൾക്ക് സൗകര്യപ്രദമായി വീടിനടുത്തുള്ള സിറ്റിസൺ സർവ്വീസ് സെന്റർ (അക്ഷയ) മുഖേനയോ നേരിട്ടോ ഓൺലൈനായി ലഭ്യമാക്കുന്നതിന് വേണ്ടി ആരംഭിച്ച ഇ-ഗവേണൻസ് പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട്. വിവിധ വകുപ്പുകളിൽ നടപ്പിലാക്കിയ കമ്പ്യൂട്ടർവൽക്കരണത്തിന്റെ മികവ് പരമാവധി പ്രയോജനപ്പെടുത്തി സുതാര്യമായും നിഷ്പക്ഷമായും വേഗത്തിലും സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. സർക്കാരിൽ നിന്നും ലഭിക്കേണ്ട എല്ലാ സർട്ടിഫിക്കറ്റുകളും സേവനങ്ങളും ഓൺലൈനാക്കുകയും ഒരു ഏകജാലക സംവിധാനം വഴി പൊതുജനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്യുക എന്നതിന്റെ പ്രാരംഭഘട്ടമെന്ന നിലയിലാണ് ഇ-ഡിസ്ട്രിക്ട് പദ്ധതി സംസ്ഥാന സർക്കാർ നടപ്പിലാക്കിയത്. ഈ പദ്ധതി നിലവിൽ വന്നതോടുകൂടി പൊതുജനങ്ങൾക്ക് ബന്ധപ്പെട്ട ഓഫീസുകളിൽ പലതവണ കയറിയിറങ്ങാതെ വിവിധ സർട്ടിഫിക്കറ്റുകൾ വളരെ വേഗത്തിൽ ലഭ്യമാക്കുന്നതിനു സാധിക്കുന്നു. |
| (ബി) ഇതിലേക്ക് ആവിഷ്കരിച്ച ഇ-ഡിസ്ട്രിക്ട് പദ്ധതി ഏതെല്ലാം ജില്ലകളിൽ പൂർണമായി നടപ്പിലാക്കിയെന്നു അറിയിക്കുമോ; | (ബി) ഇ-ഡിസ്ട്രിക്ട് പദ്ധതി കേരളത്തിലെ എല്ലാ ജില്ലകളിലും നടപ്പിലാക്കി കഴിഞ്ഞു |

| | | |
|---|---|---|
| (സി) | ഇതിലേക്ക് ലഭിച്ച കേന്ദ്ര സഹായം എത്രയെന്ന് വ്യക്തമാക്കുമോ ? | (സി) ഈ പദ്ധതിക്കായി കേന്ദ്ര സർക്കാർ 34.28 കോടി രൂപയാണ് അനുവദിച്ചിരിക്കുന്നത്. |
| (ഡി) | പ്രസ്തുത പദ്ധതിമൂലം പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാൻ സാധിച്ച സേവനങ്ങൾ ഏതെല്ലാമെന്നു വ്യക്തമാക്കുമോ? | (ഡി) ഇ-ഡിസ്ട്രിക്ട് പദ്ധതി മുഖേന നിലവിൽ നല്കുന്ന സേവനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു .<br>1) 24 റവന്യൂ സർട്ടിഫിക്കറ്റ് സേവനങ്ങൾ<br>2) <u>പേമെന്റ് സർവീസുകൾ</u><br>• കറന്റ് ബിൽ<br>• വാട്ടർ ബിൽ<br>• ബി.എസ്.എൻ.എൽ. ഫോൺ ബില്ലുകൾ - (ലാൻഡ് ഫോൺ ബില്ലുകൾ, മൊബൈൽ ഫോൺ ബില്ലുകൾ, വയർലെസ് ബില്ലുകൾ)<br>• യൂണിവേഴ്സിറ്റി ഫീസ് - (കാലിക്കറ്റ് യൂണിവേഴ്സിറ്റി)<br>• കൾച്ചറൽ വെൽഫയർ ബോർഡ് ഫീസ്<br>• ലേബർ വെൽഫയർ ബോർഡ് ഫീസ്<br>• പോലീസ് വകുപ്പ് (ഇ-ചലാൻ)<br>3) വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷയും ഒന്നാം അപ്പീലും |

Sd/-

സെക്ഷൻ ഓഫീസർ